**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 721** **09-08-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കുടിശിക പിരിച്ചെടുക്കുവാനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വൈദ്യുതി ബോർഡ് കുടിശിക പിരിച്ചെടുക്കുവാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | 20.7.2023 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി 30.12.2023 വരെയാണ് ഉള്ളത്. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള കുടിശ്ശികകൾ പലിശ ഇളവോടുകൂടി ഈ പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതോ കോടതി വ്യവഹാരത്തിൽ ഉള്ളതോ ആയ കുടിശ്ശികകളും ഈ പദ്ധതിയിലൂടെ തീർപ്പാക്കാം. |
| (ബി) | വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക എത്രയാണെന്നും പദ്ധതി വഴി കുടിശിക പിരിച്ചെടുക്കുവാൻ ബോർഡ് എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | 30.06.2023 ലെ ക്രോഡീകരിച്ച കണക്ക് (താത്കാലികം) പ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 3585.69 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഇത് കുറഞ്ഞൊരളവിലെങ്കിലും പിരിച്ചെടുക്കുന്നതിലേക്കാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>ഈ പദ്ധതിപ്രകാരം ചുവടെ കൊടുത്തിരിക്കുന്ന ഇളവുകളാണ് നൽകുന്നത്,<br><br>15 വർഷത്തിനു മുകളിലുള്ള കുടിശ്ശികകൾക്ക് പലിശ നാല് ശതമാനം മാത്രം.<br><br>അഞ്ച് മുതൽ 15 വർഷം വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ അഞ്ച് ശതമാനം മാത്രം.<br><br>രണ്ടു മുതൽ അഞ്ചുവർഷം പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ ആറ് ശതമാനം |

30.06.2023 ലെ ക്രോഡീകരിച്ച കണക്ക് (താത്കാലികം) പ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 3585.69 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഇത്

| | | | |
|---|---|---|---|
| | | | കുറഞ്ഞൊരളവിലെങ്കിലും പിരിച്ചെടുക്കുന്നതിലേക്കാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>ഈ പദ്ധതിപ്രകാരം ചുവടെ കൊടുത്തിരിക്കുന്ന ഇളവുകളാണ് നൽകുന്നത്;<br><br>• 15 വർഷത്തിനു മുകളിലുള്ള കുടിശ്ശികകൾക്ക് പലിശ നാല് ശതമാനം മാത്രം.<br>• അഞ്ച് മുതൽ 15 വർഷം വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ അഞ്ച് ശതമാനം മാത്രം.<br>• രണ്ടു മുതൽ അഞ്ചുവർഷം പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ ആറ് ശതമാനം മാത്രം.<br>• മുഴുവൻ വൈദ്യുതി കുടിശ്ശികയും പലിശയും ഉൾപ്പെടെ ഒറ്റത്തവണയായ് തീർപ്പാക്കിയാൽ ആകെ പലിശ തുകയിൽ രണ്ട് ശതമാനം അധിക ഇളവ് ലഭിക്കും.<br>• വൈദ്യുതി കുടിശ്ശികകൾക്ക് ഉള്ള പലിശകൾ ആറുതവണകളായി അടയ്ക്കാൻ അവസരമുണ്ട്.<br><br>പലിശ ഇളവ് നൽകുന്നതിനു പുറമേ അടച്ചുപൂട്ടിയ യൂണിറ്റുകൾക്ക് ബില്ലിംഗ് ഡിമാൻഡിൽ ഇളവ് നൽകി തീർപ്പാക്കുന്നതാണ്. ഡിസ്കണക്ട് ചെയ്യുന്ന യൂണിറ്റുകളെ ആറുമാസത്തിലധികം ബില്ല് ചെയ്തിട്ടുണ്ടെങ്കിൽ അത് ആറുമാസത്തേക്ക് നിജപ്പെടുത്തി അവരുടെ കുടിശ്ശികയിൽ ഇളവ നൽകുവാനും ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (സി) | പരമാവധി ഇളവുകൾ നൽകിയിട്ടും കുടിശിക തുക നൽകാൻ തയ്യാറാകാത്ത ഉപഭോക്താക്കൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | പരമാവധി ഇളവുകൾ നല്കിയിട്ടും കുടിശ്ശിക തുക അടയ്ക്കാൻ തയ്യാറാകാത്ത ഉപഭോക്താക്കളിൽ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടേയും, കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും, കണക്ഷൻ അഴിച്ചുമാറ്റുകയും, അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും, ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുക എന്നീ നിയമപരമായി സ്വീകരിക്കാവുന്ന കർശന |

| | | | |
|---|---|---|---|
| | | | നടപടികൾ കെ.എസ്.ഇ.ബി ലിമിറ്റഡ് സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ